compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 സെപ്റ്റംബർ 23
Tuesday, 23rd September 2025

1201 കന്നി 7
7th Kanni 1201

1947 ആശ്വിനം 1
1st Aswina 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **38**

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: സിന്ധു.ആർ, ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം)

ക്ഷീരവികസന വകുപ്പ് – തിരുവനന്തപുരം ജില്ല ഓഫീസ് – അതിയന്നൂർ ബ്ലോക്ക് ഇടുവ ക്ഷീര സഹകരണ സംഘം നം.റ്റി 251 (ഡി) ആപ്കോസ് - കേരള സഹകരണസംഘം നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നു.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

നം.DDTVM/20121/2021-DFI C തിരുവനന്തപുരം, തീയതി : 16-06-2025.

പരാമർശം :- 1) ക്ഷീരവികസന വകപ്പ് ഡയറക്ടറുടെ 22/4/2015 തീയതിയിലെ സി2/5247/2015 നമ്പർ കത്ത്.
2) ഈ ഓഫീസിലെ 04/11/2024 ലെ ഇതേ നമ്പർ ഉത്തരവ്.
3) അതിയന്നൂർ ക്ഷീരവികസന ഓഫീസറുടെ 13/05/2025 ലെ റിപ്പോർട്ട്

ഉത്തരവ്

പരാമർശം (1) പ്രകാരം ജില്ലയിലെ പുനരുദ്ധരിക്കാൻ സാധ്യതയില്ലാത്തതും റെക്കോർഡുകൾ ലഭ്യമല്ലാത്തതുമായ ക്ഷീരസഹകരണസംഘങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പരാമർശം (2) പ്രകാരം പുനരുദ്ധരിക്കാൻ സാധ്യതയില്ലാത്തതും റെക്കോർഡുകൾ ലഭ്യമല്ലാത്തതുമായ അതിയന്നൂർ ബ്ലോക്കിലെ ഇടുവ ക്ഷീര സഹകരണ സംഘം ക്ലിപ്തം.നം. റ്റി.251 (ഡി) ആപ്കോസിൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണത്തിന് ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം സംഘം പുനരുദ്ധരിക്കാൻ കഴിയില്ലായെന്നും സമാപ്തീകരണ നടപടികൾ ആരംഭിക്കാമെന്നും റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ അതിയന്നൂർ ബ്ലോക്കിലെ ഇടുവ ക്ഷീര സഹകരണ സംഘം ക്ലിപ്തംനം. റ്റി.251 (ഡി) ആപ്കോസിൽ 1969 – ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം അതിയന്നൂർ ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്റർ ആയി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ 1969 – ലെ കേരള സഹകരണ സംഘം നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ഒരു വർഷത്തിനകം ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ- ശ്രീമതി വീണ എൻ, പെൻ -591488)

നമ്പർ DDTSR/91/2022-C തീയതി :- 16.05.2025

വിഷയം : - ക്ഷീരവികസനവകുപ്പ്, തൃശ്ശൂർ ജില്ല - തളിക്കുളം ബ്ലോക്കിലെ ചേർക്കര ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം.ആർ.306 (ഡി) ആപ്കോസ് - സമാപ്തീകരണം - 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവായത് - സംബന്ധിച്ച്

പരാമർശം :- 1. ഈ ഓഫീസിലെ 19.02.2022 തീയതിയിലെ ഇതേ നമ്പർ സെക്ഷൻ 65 അന്വേഷണ ഉത്തരവ്.

2. തളിക്കുളം ക്ഷീരവികസന ആഫീസറുടെ 03/04/2023 ലെ 111/17 നമ്പർ സെക്ഷൻ 65 അന്വേഷണ റിപ്പോർട്ട്

3. ഈ ഓഫീസിലെ 02.02.2024 തീയതിയിലെ ഇതേ നമ്പർ ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ്.

4. തളിക്കുളം ക്ഷീരവികസന ആഫീസർ/ലിക്വിഡേറ്ററുടെ 21.03.2025 തീയതിയിലെ DESU-TSR0TKM/10/2025-DE0 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്കിലെ ചേർക്കര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ആർ.306 (ഡി) ആപ്കോസ് സമാപ്തീകരണ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് 1969-ലെ കേരള സഹകരണ സംഘം നിയമം 65-ാം വകുപ്പ് പ്രകാരം പരിശോധന റിപ്പോർട്ട് പരാമർശം (1), (2) സമർപ്പിച്ചിരുന്നു. ആയത് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ നിന്ന് 22.03.2018 തീയതിയിൽ രജിസ്റ്റർ ചെയ്ത ടി സംഘം നാളിതുവരെയായി പ്രവർത്തനം ആരംഭിക്കുകയോ പ്രഥമ പൊതുയോഗം ഉൾപ്പടെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നും പരിശോധനയ്ക്കായി യാതൊരുവിധ രജിസ്റ്ററുകളും ലഭ്യമായില്ലായെന്നും ഭരണസമിതി രൂപീകരിക്കുന്നതിനോ ക്ഷീരകർഷകരെ സംഘടിപ്പിക്കുന്നതിനോ സാധിച്ചിട്ടില്ലായെന്നും സമാപ്തീകരണ നടപടികൾ കൈക്കൊള്ളാവുന്നതാണ് എന്നും വ്യക്തമായിരിക്കുന്നു. ചേർക്കര ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ യാതൊരുവിധ രേഖകളും സമാപ്തീകരണ ഉദ്യോഗസ്ഥന് അന്വേഷണത്തിൽ ലഭ്യമായിട്ടില്ലായെന്നും, ടി സംഘത്തിൽ ഉപകരണങ്ങളോ, ആസ്തികളോ, മറ്റു വസ്തുക്കളോ ഇല്ലാത്ത സാഹചര്യത്തിലും സംഘം പ്രവർത്തനം ആരംഭിക്കാനോ , പാലളവ് സ്ഥാപിക്കുന്നതിനോ സാധിക്കാത്തതിനാലും, സമാപ്തീകരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (3), (4) പ്രകാരം ലിക്വിഡേറ്റർ കൂടിയായ തളിക്കുളം ക്ഷീരവികസന ആഫീസർ ശിപാർശ ചെയ്തിരിക്കുന്നു .

മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശങ്ങൾക്ക് വിധേയമായി തളിക്കുളം ബ്ലോക്കിലെ ചേർക്കര ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം.ആർ.306 (ഡി)ആപ്കോസ് പ്രവർത്തനം ആരംഭിക്കാത്തതിനാലും സംഘത്തിൽ ഉപകരണങ്ങളോ, ആസ്തികളോ, മറ്റു വസ്തുക്കളോ ഇല്ലാത്ത സാഹചര്യത്തിൽ, രജ[illegible] എന്ന നിലയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 1969-ലെ കേരള സഹ[illegible] സംഘം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിയമത്തിലെ എഴുപത്തിനാലാം വകുപ്പ് പ്രകാരം ടി സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യും , സംഘത്തിന്റെ പേരും നമ്പരും ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യും ഉത്തരവാകുന്നു.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.23 03:37:22 +05:30